പതിനാലാം കേരള നിയമസഭ
ഏഴാം സമ്മേളനം

| | |
|---|---|
| നക്ഷത്ര ചിഹ്നമിടാത്തചോദ്യം നം.3499 | 22/08/2017 ൽ മറുപടിക്ക് |

**മലപ്പുറം പബ്ലിക് ഹെൽത്ത് ലാബ്**

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | **ശ്രീ.പി.ഉബൈദുള്ള** | | **ശ്രീമതി .കെ.കെ. ശൈലജ ടീച്ചർ** (ആരോഗ്യവും സാമൂഹ്യ നീതിയും വകുപ്പ് മന്ത്രി) |
| എ) | മലപ്പുറം പബ്ലിക് ഹെൽത്ത് ലാബിന് ആവശ്യമായ തസ്തിക സൃഷ്ടിച്ചിട്ടും താൽക്കാലിക കെട്ടിടം അനുവദിച്ചിട്ടും ഇപ്പോഴും പ്രവർത്തനം ആരംഭിക്കാത്തതിന്റെ കാരണം വ്യക്തമാക്കാമോ; | എ) & ബി) | മലപ്പുറം പബ്ലിക് ഹെൽത്ത് ലാബിന് ആവശ്യമായ ഉപകരണങ്ങൾ വാങ്ങുന്നതിനുള്ള ഫണ്ട് കെ.എം.എസ്.സി.എൽ-ന് കൈമാറിയിട്ടുണ്ട്. ഉപകരണങ്ങൾ സപ്ലൈ ചെയ്യുന്നതിന് മുന്നോടിയായി കെട്ടിടം സജ്ജമാക്കേണ്ടതിനാവശ്യമായ അറ്റകുറ്റപ്പണികളും, എ.സി സംവിധാനവും ടോയ്‌ലറ്റ് നിർമ്മാണവും എൻ.എച്ച്.എം. മുഖേന നടത്തി വരുന്നു. പ്രസ്തുത നിർമ്മാണവും അറ്റകുറ്റപ്പണികളും പൂർത്തിയാക്കുകയും വൈദ്യുതികണക്ഷൻ,ഉപകരണങ്ങൾ എന്നിവ ലഭ്യമാക്കുകയും ചെയ്യുന്ന മുറയ്ക്ക് ലാബിന്റെ പ്രവർത്തനം ആരംഭിക്കുന്നതാണ്. സ.ഉ.(കൈ) നം. 22/2017/ആകുവ തീയതി 09/02/2017 പ്രകാരം ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിന് ശേഷമാണ് ലാബിലേക്ക് 10 തസ്തികകൾ സൃഷ്ടിച്ച് ഉത്തരവായത്. |
| ബി) | പകർച്ച വ്യാധികൾ പടർന്നു പിടിക്കുന്ന സാഹചര്യത്തിൽ, കൂടുതൽ ജനസംഖ്യയുള്ള മലപ്പുറത്ത് 2012 ൽ അനുവദിച്ച പബ്ലിക് ഹെൽത്ത് ലാബ് എന്നത്തേക്ക് പ്രവർത്തനം ആരംഭിക്കുമെന്ന് വെളിപ്പെടുത്തുമോ? | | |

സെക്ഷൻ ഓഫീസർ